**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.343 03.03.2020-ലെ മറുപടിക്ക്**

## <u>സാമ്പത്തിക പ്രതിസന്ധി</u>

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.മഞ്ഞളാംകുഴി അലി**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലനിൽക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറികളിൽ നിന്നും അൻപതിനായിരം രൂപയ്ക്കു മുകളിലുള്ള ബില്ലുകൾ മാറുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നറിയിക്കാമോ; | സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മൂവായിരം കോടിക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ടി പ്രതികൂല സാഹചര്യത്തിലും 15.01.2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ ബി.ഡി.എസ് വഴി മാറുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ സത്യ പ്രതിജ്ഞാ ചടങ്ങുമായി ബന്ധപ്പെട്ടുള്ള ധൂർത്ത്, 100 ദിവസത്തെ ആഘോഷം, ഒന്നാം വാർഷികാഘോഷം, 1000 ദിവസത്തെ ആഘോഷം, മന്ത്രിമാരുടെ വിദേശ യാത്രകൾ, മുൻകാലങ്ങളിലൊന്നും നിലവിലില്ലാതിരുന്ന ഉപദേശകരുടെ നിയമനം, ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയുടെ നിയമനം തുടങ്ങി പൊതു ഖജനാവിൽ | ഇല്ല. അനിതരസാധാരണമാംവിധം സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര സർക്കാർ നയമാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിക്കു കാരണം എന്നത് വ്യക്തമായിരിക്കെ, ആയതിനെ പൂർണ്ണമായും വിസ്മരിച്ച് അയഥാർത്ഥ്യമായ കാരണങ്ങൾ തേടുന്നത് പ്രശ്ന പരിഹാരത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്യുക. ധൂർത്ത് ഒഴിവാക്കിയും ചെലവ് ചെയ്യലിന്റെ കാര്യക്ഷമത ഉയർത്തിയുമാണ് സർക്കാർ പ്രവർത്തിക്കുന്നത്. |

| | | |
|---|---|---|
| | വൻ ബാധ്യതയുണ്ടാക്കുന്ന തരത്തിലുള്ള നടപടികളാണ് ഈ പ്രതിസന്ധിയിലേക്ക് നയിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് ധനകാര്യ വകുപ്പ് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ